നടപടികളും സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട, മരിച്ചുപോയ രാജൻ എനിക്കും പരിചയമുള്ള ഒരു സുഹൃത്തായിരുന്നു; ഈ സഭയിലെ ഒരു അംഗവുമായിരുന്നു. അദ്ദേഹത്തെപോലെയുള്ള ഒരു പൊതുപ്രവർത്തകന്റെ സ്മാരകത്തിൻമേൽ ഉണ്ടായ ആക്രമണം ശരിക്കും അപലപനീയമാണ്. അതിനു വേണ്ട നടപടികളും സ്വീകരിക്കുമെന്ന് പറയുകയാണ്.

(3) അദ്ധ്യാപകനെ മർദ്ദിച്ച സംഭവം സംബന്ധിച്ച്

ശ്രീ. ബെന്നി ബഹനാൻ: സർ, കഴിഞ്ഞ 22-ാം തീയതി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഒരു പറ്റം സാമൂഹ്യവിരുദ്ധൻമാരുടെ സഹായത്തോടുകൂടി കുറെ എസ്. എഫ്. ഐ. വിദ്യാർത്ഥികളും കടന്നു ചെല്ലുകയും എൽ. എൽ. ബി. പരീക്ഷയ്ക്കു സൂപ്പർവിഷൻ നടത്തിക്കൊണ്ടിരുന്ന ഒരു അദ്ധ്യാപകനെ അദ്ദേഹം മാൽ പ്രാക്ടീസ് കണ്ടുപിടിച്ച കാരണത്താൽ പ്രിൻസിപ്പാളിന്റെ മുമ്പിൽ വച്ചു ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. കഴിഞ്ഞ രണ്ട് ദിവസമായി എൽ. എൽ. ബി. പരീക്ഷയുടെ സൂപ്പർവിഷന് യൂണിവേഴ്സിറ്റി കോളേജിൽ അദ്ധ്യാപകൻമാർ പോകുന്നില്ല. ഇന്നലെ യൂണിവേഴ്സിറ്റി കൺട്രോളറും യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥൻമാരുമാണ് അവിടെ സൂപ്പർവിഷൻ നടത്തിയത്. ഇനിയും ഇക്കാര്യത്തിൽ ഒരു നടപടി ഉണ്ടായില്ലെങ്കിൽ സൂപ്പർവിഷനു പോവുകയില്ലെന്ന് അദ്ധ്യാപകർ തീരുമാനിച്ചിരിക്കുകയാണ്. ഇത് അവിടത്തെ മാത്രം പ്രശ്നമല്ല. കഴിഞ്ഞ കുറെ ദിവസങ്ങളായി തിരുവനന്തപുരത്തും മറ്റ് പ്രദേശങ്ങളിലും. എസ്. എഫ്. ഐ. പ്രവർത്തകൻമാർ സാമൂഹ്യവിരുദ്ധൻമാരുടെ സഹായത്തോടുകൂടി അഴിച്ചുവിട്ടിരിക്കുന്ന ക്രൂരമായ മർദ്ദനത്തിന്റെ ഭാഗമാണിത്. ഇന്നലെ മഹാരാജാസ് കോളേജിലും ഇതുപോലെയുള്ള ആക്രമണം നടത്തുകയുണ്ടായി. മാൽ പ്രാക്ടീസ് പിടിച്ചു എന്നതിന്റെ പേരിൽ മർദ്ദനം ഏൽക്കേണ്ടിവന്ന അദ്ധ്യാപകർ ഇന്ന് യൂണിവേഴ്സിറ്റിയിൽ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. അദ്ധ്യാപകരുടെ അവശതകളും പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കണം. വളരെയധികം കെ. എസ്. യു. പ്രവർത്തകർ ഉൾപ്പെടെയുള്ളവർ എസ്. എഫ്. ഐ. ക്കാരുടെ മർദ്ദനം ഏറ്റ് ആശുപത്രിയിൽ കഴിയുകയാണ്. ഇതിനെപ്പറ്റി അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 22-ാം തീയതി യൂണിവേഴ്സിറ്റി കോളേജിൽ അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടുണ്ട്. അവിടെ ഫസ്റ്റ് ഇയർ എൽ. എൽ. ബി. പരീക്ഷയെഴുതിയ കെ. കെ. ബാലചന്ദ്രൻ എന്ന് വിദ്യാർത്ഥി ക്രമക്കേടുകൾ കാണിക്കുകയും ലക്ചറർ ശിവദാസൻ അതു കണ്ടുപിടിക്കുകയും. സീനിയർ അസിസ്റ്റന്റ് സൂപ്പർവൈസർ അവിടെ പോയി പരിശോധിച്ചതിൽ അത് ശരിയാണെന്നു തെളിയുകയും അതിന്റെ അടിസ്ഥാനത്തിൽ ആ കുട്ടിക്കെതിരായി നടപടി സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം പ്രിൻസിപ്പാൾ കൊടുത്ത റിപ്പോർട്ടിൽ പറയുന്നത് പ്രിൻസിപ്പാളിന്റെ മുറിയിലുണ്ടായിരുന്ന ഈ അദ്ധ്യാപകനെ അവിടെ കടന്നുചെന്ന ചില കുട്ടികൾ കയ്യേറ്റം ചെയ്യുകയും ആ വനിതാ പ്രിൻസിപ്പാളിനെ അസഭ്യം വിളിക്കുകയും ചെയ്തു എന്നാണ്. ഈ സംഭവം വളരെ നിർഭാഗ്യകരമായിപ്പോയി. അതിനെത്തുടർന്ന് എ. ബ്രൈറ്റ്, ദാമോദരൻ, റോബിൻ, ഡിക്രൂസ്, അശോകൻ എന്നീ നാല് കുട്ടികളെ സസ്പെൻഡ് ചെയ്തിരിക്കുകയാണ്. ഇതിനെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് തരാൻ 3 പ്രൊഫസർമാരെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഈ സംഭവം പോലീസിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിറ്റി പോലീസ് കമ്മീഷണർ തന്നെ നേരിട്ട് ഇതിൽ ഇടപെട്ട് കേസ് എടു

LIBRARY ARCHIVES Kerala Legislative Assembly

ത്തീട്ടുണ്ട്. മറ്റ് നടപടികളും സ്വീകരിച്ചു വരികയാണ്. അദ്ധ്യാപകർ അതിനെ തുടർന്നു പരീക്ഷ ബോയ്ക്കോട്ട് ചെയ്തു എന്നുള്ളതു ശരിയാണ്. അദ്ധ്യാപകർ വീണ്ടും പരീക്ഷാജോലികളുമായി സഹകരിക്കണമെന്നും, അവർക്കു വേണ്ട സംരക്ഷണം കൊടുക്കാമെന്നും പ്രിൻസിപ്പാൾ വഴി ഗവൺമെൻറ് ഉറപ്പു കൊടുത്തിട്ടുണ്ട്. ഇതു വളരെ നിർഭാഗ്യകരമായ സംഭവമായിപ്പോയി. നമ്മുടെ കുട്ടികളും ഇങ്ങനെ ചെയ്യുന്നത് ശരിയല്ല. അദ്ധ്യാപകരെ കയ്യേറ്റം ചെയ്യുന്നതും എന്തെങ്കിലും കൃത്രിമങ്ങൾ കാണിച്ചു പിടിച്ചാൽ അതിനെതിരെ ശബ്ദിക്കുന്നതും ശരിയല്ല. ഏതു വിദ്യാർത്ഥി സംഘടനകളിൽപ്പെട്ടവരായാലും ശരി ഇത്തരം നടപടികളെ നീരുൽസാഹപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികളും ഇതിൽ നിന്നും പിൻതിരിയേണ്ടതുമാണ്.

(4) ടി. കെ. മാധവന് സ്മാരകം

ശ്രീ. എം. കെ. കേശവൻ : സർ, ഹരിജനങ്ങളുടേയും അവശസമുദായങ്ങളുടേയും ഉദ്ധാരകനായിരുന്ന റ്റി. കെ. മാധവന്റെ ജന്മശതാബ്ദി കൊണ്ടാടുന്ന വർഷമാണിത്. ഹരിജനങ്ങളും ഉൾപ്പെടെയുള്ള തീണ്ടൽ ജാതിക്കാർക്ക് ഒരുകാലത്ത് പൊതുനിരത്തിൽ സഞ്ചരിക്കുവാനും ക്ഷേത്രാരാധന നടത്തുവാനും സൗകര്യം ഉണ്ടായിരുന്നില്ല. അതിനെതിരായി നടന്ന ഐതിഹാസിക സമരമായിരുന്നു വൈക്കം സത്യാഗ്രഹം. അത് ദേശീയസമരത്തിന്റെ ഭാഗമായി തീർക്കാൻ വേണ്ടിയിട്ട് അന്ന് കോഹിനയിൽ ചേർന്നുകൊണ്ടിരുന്ന കോൺഗ്രസിന്റെ ദേശീയ സമ്മേളനത്തിൽ ഈ വിഷയം ഉന്നയിച്ച് ദേശീയ നേതാക്കൻമാരുടെ അംഗീകാരം നേടുകയും മഹാത്മജി, ശ്രീനാരായണഗുരു തുടങ്ങിയ മഹാൻമാരെ സത്യാഗ്രഹസ്ഥലത്തെത്തിക്കുകയും ചെയ്തത് ശ്രീ. റ്റി. കെ. മാധവനായിരുന്നു. അദ്ദേഹത്തിന്റെ ജന്മശതാബ്ദി കൊണ്ടാടുന്ന ഈ സന്ദർഭത്തിൽ വൈക്കത്ത് അദ്ദേഹത്തിന് സമുചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു സാംസ്കാരിക വകുപ്പ് സ്മാരകം പണിയുന്നത് സാഹിത്യം, കല തുടങ്ങിയ രംഗത്ത് പ്രശസ്തരായ ആളുകൾക്കാണ്. ഈ വകുപ്പനുസരിച്ചു ഇതു ചെയ്യാൻ നിയമപരമായ തടസ്സമുണ്ട്. എങ്കിലും റ്റി. കെ. മാധവനെപോലെ ആദരണീയനായ ഒരു നേതാവിന് സ്മാരകം പണിയുന്നത് ഈ സംസ്ഥാനത്തിനുതന്നെ അഭിമാനകരമായ ഒന്നാണ്. അതുകൊണ്ട് ഒന്നുകിൽ ഈ നിയമത്തിൽ ഭേദഗതി ചെയ്തു അല്ലെങ്കിൽ മറ്റ് എന്തെങ്കിലും മാർഗ്ഗത്തിൽക്കൂടി അതിനാവശ്യമായ ഒരു സംവിധാനം ഉണ്ടാക്കാൻ ഞാൻ താൽപര്യപൂർവ്വം പ്രവർത്തിക്കുന്നതാണ്.

(5) നെയ്യാറ്റിൻകരയിൽ സബ്കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച്

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയ്ക്കാണ് എന്റെ ഈ സബ്മീഷൻ. നെയ്യാറ്റിൻകരയിൽ ഒരു സബ്കോടതി സ്ഥാപിക്കണമെന്നുള്ളത് നെയ്യാറ്റിൻകര താലൂക്കിലെ മുഴുവൻ ജനങ്ങളുടേയും ചിരകാലാഭിലാഷമാണ്. തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ ആറ്റിങ്ങൽ ഒന്നും തിരുവനന്തപുരത്ത് മൂന്നും സബ് കോടതികൾ സ്ഥിതിചെയ്യുന്നുണ്ട്. ഒരു സബ് കോടതി പൂർണ്ണമായി പ്രവർത്തിക്കാനാവശ്യമായതിലേറെ കേസുകൾ ഇന്നു നെയ്യാറ്റിൻകര നിന്നും തിരുവനന്തപുരത്തു ഫയൽ ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly